I ഇ.ബി. XIII- കേരള നിയമസഭ/VIII-9

# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ഏപ്രിൽ 1, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തര പ്രമേയം**

**'നിതാഖാത്ത്' നിയമം**

മി. സ്പീക്കർ: സൗദി അറേബ്യയിൽ നടപ്പാക്കുന്ന നിതാഖാത്ത് നിയമം മൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേയ്ക്ക് മടങ്ങേണ്ടിവരുന്ന പ്രവാസി മലയാളികളും അവരുടെ കുടുംബങ്ങളും ആശങ്കയിലും പ്രതിസന്ധിയിലുമായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭ നിറുത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.വി. അബ്ദുൾ ഖാദർ, വി.എസ്. സുനിൽകുമാർ, സി.കെ. നാണു, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ വിഷയത്തിൽ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമവികസനവും

ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ചെയറിന് ഒരു കത്തും നൽകിയിട്ടുണ്ട്. ഇതുപോലെയുള്ള രണ്ട് മുൻകാല അനുഭവങ്ങൾ സഭയിൽ വന്നിട്ടുള്ള സാഹചര്യത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടാൻ ബഹുമാനപ്പെട്ട അംഗത്തിന് അനുവാദം നൽകുന്നു. ഈ വിഷയത്തിൻമേൽ വിശദീകരണം നൽകിയ ശേഷം വകുപ്പുമന്ത്രിക്ക് ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്താവുന്നതാണ്. ഗൾഫിൽനിന്നും നാട്ടിലെത്തി മടങ്ങി പോകാമെന്നുള്ള പ്രതീക്ഷയിൽ കഴിയുന്ന പ്രവാസി സഹോദരങ്ങൾക്കും വിദേശത്ത് കഴിയുന്നവർക്കും ബുദ്ധിമുട്ടും പ്രയാസവുമുണ്ടാക്കുന്ന യാതൊരു പരാമർശവും ചർച്ചയിൽ ഉണ്ടാകരുതെന്ന് ഓർമ്മിപ്പിക്കുന്നു.

ഗ്രാമവികസനവും ആസുത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി.ജോസഫ്): സൗദി അറേബ്യയിൽ സ്വകാര്യ മേഖലയിൽ സ്വദേശിവൽക്കരണം കൊണ്ടുവരുന്നതിനുള്ള നിയമം നടപ്പാക്കാൻ സൗദി സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. റസ്റ്റോറന്റുകൾ, ഗ്രോസറി ഷോപ്പുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സാധാരണക്കാരായ പ്രവാസി മലയാളികളെയാണ് ഈ നിയമം പ്രതികൂലമായി ബാധിക്കുന്നതെന്ന സാഹചര്യം ഗൗരവമായി കണക്കിലെടുത്ത് സൗദിയിലെ ഇൻഡ്യൻ എംബസ്സിയുമായും കേന്ദ്ര മന്ത്രിമാരുമായും ബന്ധപ്പെടുകയും നയതന്ത്ര തലത്തിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ആത്മാർത്ഥമായി ചെയ്യുന്നതുമാണ്. സൗദി അറേബ്യയുമായി നിലനിൽക്കുന്ന നല്ല ബന്ധം ഉപയോഗപ്പെടുത്തി സംസ്ഥാന സർക്കാരിനുള്ള ആശങ്ക അവരെ അറിയിക്കുന്നതോടൊപ്പം ആറ് മാസത്തേയ്ക്കെങ്കിലും അവർക്ക് പൊതുമാപ്പ്

നൽകണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതുവരെ ലഭ്യമായ വിവരമനുസരിച്ച് ആശങ്കാജനകമായ സ്ഥിതിവിശേഷം നില നിൽക്കുന്നില്ല. ഇന്ന് വൈകുന്നേരം കേന്ദ്ര പ്രവാസികാര്യ വകുപ്പുമന്ത്രി, വിദേശകാര്യ സഹമന്ത്രി എന്നിവരുമായി ചർച്ച നടത്തി ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. വിദേശരാജ്യങ്ങളിൽ കഴിയുന്ന മലയാളികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി പഞ്ചായത്ത് വകുപ്പുമായി ബന്ധപ്പെട്ട് വീട് വീടാന്തരമുള്ള സർവ്വേ നടത്തുന്നതാണ്. മടങ്ങിവരുന്ന വിദേശ മലയാളികളുടെ സഹായത്തിനായി നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ മൂന്ന് വിമാനത്താവളങ്ങളിലും ഹെൽപ്പ് ഡെസ്കും കോൾ സെന്ററും ആരംഭിക്കുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സൗദി അറേബ്യയിൽ സ്വദേശി വൽക്കരണത്തിനുള്ള നിതാഖാത്ത് നിയമം കർശനമായി നടപ്പിൽ വരുത്തിയ തിനെത്തുടർന്ന് ലക്ഷക്കണക്കിന് മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് നാട്ടി ലേയ്ക്ക് വന്നുകൊണ്ടിരിക്കുകയും ഫ്രീ വിസയിൽ ജോലിചെയ്യുന്നവർക്ക് പുറത്തിറങ്ങാൻപോലും കഴിയാത്ത അവസ്ഥയിലുമാണ്. ഇന്ത്യൻ തൊഴിലാ ളികൾക്ക് നേരിട്ടിരിക്കുന്ന ഈ പ്രതിസന്ധിക്ക് പരിഹാരം കാണാൻ കേന്ദ്ര സർക്കാർ തയ്യാറാകാത്തതിലുള്ള സഭയുടെ പൊതുവികാരം കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തുകയും അവരുടെ ജീവനും സ്വത്തിനും തൊഴിലിനും സംര ക്ഷണം നൽകാനാവശ്യമായ നടപടി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സമഗ്രമായ ഇടപെടലുകൾമൂലം ഉണ്ടാകുകയും ചെയ്യണം. നാട്ടിലേയ്ക്ക് തിരിച്ചുവരാൻ സാധിക്കാതെ കഷ്ടപ്പെടുന്ന പ്രവാസികളെ സൗജന്യമായി കൊണ്ടുവരുന്നതിനുള്ള നടപടിയുണ്ടാകണം. തിരിച്ചുവരുന്നവരുടെ എണ്ണം വർദ്ധിച്ചതോടുകൂടി വിമാനക്കമ്പനികൾ ടിക്കറ്റ് നിരക്കുകൾ വർദ്ധിപ്പി

ച്ചിരിക്കുകയാണ്. പ്രവാസികളുടെ ക്ഷേമം ഉറപ്പുവരുത്താനായി സമഗ്രമായ ഒരു കുടിയേറ്റ നിയമമുണ്ടാകണം. പ്രവാസി മലയാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് സൗദി സർക്കാരുമായി നയതന്ത്രബന്ധം പുലർത്തിക്കൊണ്ട് ഈ പ്രശ്നത്തിൽ അടിയന്തിര നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ വിഷയത്തിന്റെ ഗൗരവം പൂർണ്ണമായി ഉൾക്കൊള്ളുകയാണ്. സൗദി ഗവൺമെന്റ് ആ രാജ്യത്തിന്റെ നിയമം കർക്കശമാക്കിയപ്പോഴാണ് പ്രവാസി മലയാളികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നത്. സൗദി സർക്കാരിനോട് സഹകരിച്ചുകൊണ്ട് ഈ വിഷയത്തിൽ എങ്ങനെ പരിഹാരമുണ്ടാക്കാനാകുമെന്ന് ആലോചിക്കുന്നതാണ്. പുതിയതായി കൊണ്ടുവന്ന നിയമത്തിൽ ഒമ്പതിൽ താഴെ ആളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലും ഒരു സ്വദേശിയെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്യുകയുണ്ടായി. എന്നാൽ പത്തും അതിൽ കൂടുതലും ആളുകൾ ജോലി യെടുക്കുന്ന സ്ഥാപനങ്ങളിൽ പത്ത് ശതമാനം സ്വദേശികളെ നിയമിക്കണമെന്ന നിയമം 2009-ൽ കൊണ്ടുവന്നെങ്കിലും അത് കർക്കശമാക്കിയത് 2013 മാർച്ച് 27-ാം തീയതി മുതലാണ്. സൗദിയിൽ ഇൻഡ്യൻ എംബസ്സിയിലെ ഉദ്യോഗസ്ഥർ രാപകലില്ലാതെ പ്രവർത്തിക്കുകയും ഇൻഡ്യൻ അംബാസിഡർ അവിടത്തെ ഭരണാധികാരികളുമായി ചർച്ച ചെയ്യുകയുമുണ്ടായി. പൊതുമാപ്പിനുള്ള അവസരം ലഭിക്കുക, ട്രാവൽ ബാൻ ഏർപ്പെടുത്താതിരിക്കുക എന്നീ പ്രധാനപ്പെട്ട കാര്യങ്ങളാണ് കേന്ദ്ര ഗവൺമെന്റ് മുമ്പാകെ ഉന്നയിച്ചിട്ടുള്ളത്. ഈ വിഷയം കേന്ദ്ര പ്രവാസി കാര്യ മന്ത്രിയും വിദേശകാര്യ സഹമന്ത്രിയും പ്രധാനമന്ത്രിയുമായി ചർച്ച

ചെയ്ത് തുടർ നടപടികളെടുക്കുന്നതാണ്. സംസ്ഥാനത്തിന്റെ ബുദ്ധിമുട്ടുകൾ സൗദി വിദേശകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സൗദി യിൽനിന്നും സംസ്ഥാനത്തേയ്ക്ക് വരേണ്ടി വരുന്നവരുടെ വിമാന ചാർജ് കേന്ദ്ര ഗവൺമെന്റ് വഹിക്കണമെന്ന നിലപാടാണ് സംസ്ഥാന ഗവൺമെന്റി നുള്ളത്. അവർക്കുവേണ്ടി വ്യക്തമായ റിഹാബിലിറ്റേഷൻ പാക്കേജാണ് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അയച്ചുകൊടുത്തിരിക്കുന്നത്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സജീവമായി ഇടപെട്ടിട്ടുണ്ട്. ഈ വിഷയം സഭാനടപടി കൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സൗദിയിൽ 'നിതാഖാത്ത്' നിയമം നടപ്പിലാക്കുന്നതോടെ അവിടെനിന്നും പിരിഞ്ഞു വന്നുകൊണ്ടിരിക്കുന്ന ആളുകൾക്ക് സംസ്ഥാന ഗവൺമെന്റ് എന്ത് സഹായ മാണ് നൽകുന്നതെന്ന കാര്യം മുഖ്യമന്ത്രി വ്യക്തമാക്കിയില്ല. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഈ പ്രശ്നത്തിന് പരിഹാരം കാണാനുള്ള സജീവമായ ഇടപെടലും ഉണ്ടായിട്ടില്ല. സൗദിയിൽനിന്നും മടങ്ങിവരുന്നവരുടെ യാത്രാ ക്കൂലി ഒഴിവാക്കുന്നതിനും ഈ നിയമം നടപ്പിലാക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിക്കുന്നതിനുമുള്ള പരിശ്രമം കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. സൗദിയിൽ നിന്നും മടങ്ങിയെത്തിയവരെ പുനര ധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തുന്നതിനുള്ള നോട്ടീസ് പിൻവലിച്ചതായി സഭയെ അറിയിച്ചു.

**ശ്രദ്ധ ക്ഷണിക്കൽ**

(1) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം.

ശ്രീ. വർക്കല കഹാർ: അന്തർദ്ദേശീയ കപ്പൽ ഗതാഗതത്തിന് അനുയോജ്യമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് സൂയസ് കനാൽവഴി കടന്നുവരുന്ന ഭൂരിഭാഗം കപ്പലുകൾക്കും നങ്കൂരമിടാൻ കഴിയുന്ന രീതിയിലുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. വൻ വികസന സാദ്ധ്യതകളുള്ളതും ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് ഏറെ ഗുണപ്രദവുമായ ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും തുറമുഖത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിക്കണം. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ തെറ്റിദ്ധാരണ ഒഴിവാക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നടപ്പാക്കുന്നതിന് പാരിസ്ഥിതിക പഠന റിപ്പോർട്ടുകൾ പൂർത്തിയായിട്ടുണ്ടെങ്കിലും ചില സംഘടനകളുടെ എതിർപ്പുമൂലം പാരിസ്ഥിതിക അനുമതിക്കു വേണ്ട റിപ്പോർട്ട് തയ്യാറാക്കുന്നതിൽ കാലതാമസം നേരിട്ടു. പാരിസ്ഥിതിക പഠനത്തിന്റെ ഭാഗമായി തയ്യാറാക്കിയ മാസ്റ്റർ പ്ലാനും ഡി.പി.ആർ-ഉം സോഷ്യോ ഇക്കണോമിക് കോസ്റ്റ് ബെനിഫിറ്റ് അനാലിസിസും പാരിസ്ഥി

തിക റിപ്പോർട്ടിനൊപ്പം പ്രസിദ്ധീകരിക്കും. നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽ ഇന്ത്യൻ നേവിക്ക് 500 മീറ്റർ ബർത്തും കോസ്റ്റ് ഗാർഡിന് 120 മീറ്റർ ബർത്തും അതിനോടനുബന്ധിച്ചുള്ള മറ്റ് സൗകര്യങ്ങളും കോസ്റ്റ് ഷെയറിംഗ് പ്രകാരം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു ഫിഷ് ലാന്റിംഗ് സെന്ററും ക്രൂയിസ് ടെർമിനലും ആരംഭിക്കേണ്ടതായിട്ടുണ്ട്. പാരിസ്ഥിതിക അനുമതി കിട്ടുന്നതോടൊപ്പം ഈ തുറമുഖത്തിന് കബോട്ടാഷ് നിയമത്തിലെ ഇളവിനുവേണ്ടി കേന്ദ്ര സർക്കാരിനെ സമീപിക്കുന്നതാണ്. തുറമുഖ നിർമ്മാണത്തിനായി 98% ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു. വെയർഹൗസിനു വേണ്ടിയുള്ള രണ്ടാം ഘട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. തുറമുഖത്തിനാവശ്യമായ വെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി പൂർത്തിയായി. വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി സ്വീകരിച്ചുവരുന്നു. റെയിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് സർവ്വേയും താൽക്കാലിക റോഡിന്റെ പണിയും പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ധനസമാഹരണത്തിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് 18,000 ടി.ഇ.യു. ശേഷിയുള്ള കപ്പലുകൾക്കുവരെ എത്തിച്ചേരാൻ കഴിയുന്ന തരത്തിലുള്ള മാസ്റ്റർ പ്ലാനാണ് തയ്യാറാക്കിയിട്ടുള്ളത്. പഴയ തുറമുഖം കസ്റ്റംസ് പോർട്ടാക്കി മാറ്റുന്നതിനുള്ള നോട്ടിഫിക്കേഷൻ ഉടൻ പുറപ്പെടുവിക്കുന്നതാണ്.

(2) <u>മലയോര ഹൈവേയുടെയും ദേശീയ ജലപാതയുടെയും നിർമ്മാണം</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: ദേശീയ ജലപാതയുടേയും മലയോര ഹൈവേയുടേയും വിപുലീകരണം യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനും സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സ്ഥലമുടമകളിലുണ്ടാ

യിരിക്കുന്ന ആശങ്കകൾ ദൂരീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കണം. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ മലയോര ഹൈവേയുടെ പണി പൂർത്തീകരിക്കുകയും ദേശീയ ജലപാതയുടെ നിർമ്മാണം ത്വരിതപ്പെടുത്തുകയും ചെയ്യണം. മലയോര മേഖലയിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ഹിൽ പ്ലെയിൻ നടപ്പാക്കുന്ന കാര്യം ആലോചിക്കണം. മംഗലാപുരം - തിരുവനന്തപുരം അതിവേഗ റെയിൽ കോറിഡോറിന്റെ നിർമ്മാണ പ്രവർത്തനം ത്വരിതഗതിയിൽ പൂർത്തീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ അമ്പായത്തോട് വരെയുള്ള 109.35 കി.മീ. ഹിൽ ഹൈവേയുടെ പണി പല റീച്ചുകളിലായി നടന്നുകൊണ്ടിരിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെയുള്ള 134.8 കി.മീ. അഭിവൃദ്ധിപ്പെടുത്തുന്നതിന് ഭരണാനുമതി നൽകുന്ന കാര്യം സജീവ പരിഗണനയിലാണ്. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ പണി പുരോഗതിയിലാണ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 17.61 കി.മീ. നീളമുള്ള വടകര-മാഹി കനാലിന്റെ 4 കി.മീറ്ററിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. കുറ്റിക്കോൽ - കോട്ടപ്പുറം ജലപാത പുതിയ ആർ.ഡി.എഫ്-ൽപ്പെടുത്തി 308.75 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള 7 പണികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നാഷണൽ ഹൈവേയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സ്ഥലമുടമകളിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് എം.എൽ.എ.മാരുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിച്ചുചേർക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

## സബ്മിഷൻ

### (1) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): തയ്യൽ തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): തയ്യൽ ജോലി അറിയാവുന്നവർക്ക് മാത്രമേ യഥാർത്ഥ തൊഴിലാളി എന്ന നിലയ്ക്ക് തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകുന്നുള്ളു. യഥാർത്ഥ തൊഴിലാളികൾക്ക് കൃത്യമായ ആനുകൂല്യം കൊടുക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുന്നതിന് പ്രത്യേക സ്ക്വാഡ് ഏർപ്പെടുത്തി ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

### (2) ഇലക്ട്രിക്കൽ ഡിവിഷൻ രൂപീകരണം.

ശ്രീ. ജോസ് തെറ്റയിൽ: അങ്കമാലി കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ ഡിവിഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പെരുമ്പാവൂർ ഡിവിഷനിൽപ്പെട്ട കാലടി, അങ്കമാലി, പാറക്കടവ്, മുക്കുന്നൂർ, കുറുകറ്റി മഞ്ഞല, തുറവൂർ, മലയാറ്റൂർ എന്നീ സെക്ഷനും ആലുവ ഇലക്ട്രിക്കൽ സെക്ഷനിലെ ചൊവ്വരയും കൂട്ടിച്ചേർത്ത് സാമ്പത്തിക ബാധ്യത വരാത്തവിധം ഒരു ഡിവിഷൻ ഉണ്ടാക്കുന്ന കാര്യം ബോർഡിന്റെ പരിഗണനയിലാണ്.

## (3) പി.സി.സി. ഫീസിൽ നിന്നും ഒഴിവാക്കൽ

ശ്രീ. അൻവർ സാദത്ത്: എയർപോർട്ടുകളിൽ ജോലി ചെയ്യുന്ന കോൺട്രാക്ട്, കാഷ്വൽ, ടെമ്പററി, തൊഴിലാളികളെ പി.സി.സി. ഫീസ് ഈടാക്കുന്നതിൽനിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിനുള്ള വർദ്ധിപ്പിച്ച ഫീസ് 2010 മുതൽ നിറുത്തലാക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഓഡിറ്റ് ഒബ്ജക്ഷൻ വന്നതുകൊണ്ട് വസ്തുതകൾ അവലോകനം ചെയ്തശേഷം അപേക്ഷാ ഫീസ് ഈടാക്കുന്നതു സംബന്ധിച്ച വ്യക്തമായ രൂപരേഖ പുറപ്പെടുവിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (4) വെണ്ണിക്കുളം പോളിടെക്നിക്ക്

ശ്രീ. മാത്യു ടി. തോമസ്: പത്തനംതിട്ട ജില്ലയിലെ വെണ്ണിക്കുളം പോളിടെക്നിക്കിൽ മെക്കാനിക്കൽ ബ്രാഞ്ച് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): പത്തനംതിട്ട ജില്ലയിലെ വെണ്ണിക്കുളം ഗവൺമെന്റ് പോളിടെക്നിക്കിൽ മെക്കാനിക്കൽ, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിന് എ.ഐ.സി.ടി.ഇ.യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അന്തിമ തീരുമാനമെടുക്കുന്നതാണ്.

## (5) കെട്ടിട നിർമ്മാണ ഫണ്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ മടിക്കൈ ഗവൺമെന്റ് ഐ.ടി.ഐ.ക്ക് കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): കാഞ്ഞങ്ങാട്, മടിക്കൈ ഗവൺമെന്റ് ഐ.ടി.ഐ.–ക്ക് അനുയോജ്യമായ സ്ഥലം 2012–ൽ കൈമാറി. ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉണ്ടായിരുന്നെങ്കിലും സാങ്കേതിക കാരണംകൊണ്ട് പണം വിനിയോഗിക്കാൻ കഴിഞ്ഞില്ല. ഈ സാമ്പത്തിക വർഷം കെട്ടിടം പണി ആരംഭിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

## (6) ഫെൻസിംഗ് സംവിധാനം

ശ്രീ. റ്റി.യു. കുരുവിള: കുട്ടമ്പുഴ, വടാട്ടുപാറ പ്രദേശങ്ങളിൽ ജനജീവിതത്തിന് ഭീഷണിയാകുന്ന കാട്ടാനകളെ വിരട്ടിയോടിക്കുന്നതിനും കാട്ടുപന്നി ശല്യം പരിഹരിക്കുന്നതിന് ഫെൻസിംഗ് സംവിധാനമൊരുക്കുന്നതിനും പിടികൂടപ്പെടുന്ന പാമ്പുകളെ ജനവാസകേന്ദ്രങ്ങളിൽനിന്നും വിദൂരമായ സ്ഥലത്ത് തുറന്നുവിടുന്നതിനും നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): കാട്ടാനയുടെ ആക്രമണംമൂലം മരണപ്പെട്ട ഇഞ്ചിപ്പാറ കുടിയിലെ ആദിവാസി മാരിയപ്പന്റെ ആശ്രിതർക്ക് മൂന്ന് ലക്ഷം രൂപയും കുന്തിപ്പാറ ബദൽ സ്കൂളിലെ അദ്ധ്യാപിക ലിസിയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അഞ്ചു ലക്ഷം രൂപയും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആദിവാസി

കോളനി കേന്ദ്രീകരിച്ച് ഇലക്ട്രിക് ഫെൻസിംഗ് നടത്തുന്നതും കാട്ടാന ശല്യം പരിഹരിക്കുന്നതിന് സ്ക്വാഡിനെ നിയമിക്കുന്നതും പിടികൂടപ്പെടുന്ന പാമ്പുകളെ ജനവാസകേന്ദ്രത്തിൽനിന്നും അകലെയുള്ള സ്ഥലങ്ങളിൽ തുറന്നുവിടണമെന്നുള്ള നിർദ്ദേശം നൽകുന്നതുമാണ്.

## (7) സൗജന്യനിരക്കിൽ ഭക്ഷ്യവസ്തുക്കൾ

ശ്രീ. കെ.കെ. ജയചന്ദ്രൻ: വെൽഫെയർ സ്കീമിൽ ബി.പി.എൽ. ലിസ്റ്റിൽപ്പെടുത്തിയിട്ടുള്ള അനാഥാലയങ്ങൾക്ക് സൗജന്യ നിരക്കിൽ ലഭ്യമായിരുന്ന ഭക്ഷ്യവസ്തുക്കളുടെ വിതരണം പുന:സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിൽ കുറവ് വന്ന സാഹചര്യത്തിൽ ഇവർക്കുള്ള അലോട്ട്മെന്റ് വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അലോട്ട്മെന്റ് വർദ്ധിപ്പിക്കുന്ന മുറയ്ക്ക് ഭക്ഷ്യധാന്യ വിതരണം കൂട്ടുന്നതാണ്.

## (8) കോൾനില കൃഷിക്കാരുടെ ആവശ്യങ്ങൾ

ശ്രീ. പി.എ. മാധവൻ: തൃശ്ശൂർ ജില്ലയിലെ കോൾനില കൃഷിക്കാർക്ക് പമ്പിംഗ് സബ്സിഡിയും ഉത്പാദന ബോണസും ബണ്ട് നിർമ്മാണത്തിനായി അക്വയർ ചെയ്ത ഭൂമിയുടെ വിലയും ലഭ്യമാക്കുന്നതിനും നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): തൃശ്ശൂർ ജില്ലാ കോൾ കർഷക സംഘവുമായി

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പമ്പിംഗ് സബ്സിഡിയും ഉത്പാദന ബോണസും വർദ്ധിപ്പിക്കാൻ തീരുമാനമെടുക്കുകയും ആയത് ധനകാര്യ വകുപ്പിന്റെ പരിശോധനയിലിരിക്കുകയുമാണ്. തൃശ്ശൂർ കോൾനില വികസനത്തിനായി ഏറ്റെടുത്ത ഭൂമിയുടെ പൊന്നുംവിലയിനത്തിൽ നൽകാനുള്ള 2.9 കോടി രൂപ സംബന്ധിച്ച് തൃശ്ശൂർ ജില്ലാ കളക്ടർ സമർപ്പിച്ച ശുപാർശ കൃഷി വകുപ്പ് പരിശോധിക്കുന്നതും ഉടൻ തീരുമാനമെടുക്കുന്നതുമാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരണം നടത്തി കർഷകരെ ചൂഷണത്തിൽ നിന്ന് രക്ഷിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

## (9) മുണ്ടയ്ക്കൽ വില്ലേജിലെ സർക്കാർ ഭൂമി

ശ്രീ. എ.എ.അസീസ്: റവന്യൂ റിക്കവറിയെ തുടർന്ന് സർക്കാരിന്റെ അധീനതയിലായ മുണ്ടയ്ക്കൽ വില്ലേജിലെ ഭൂമിയിൽ, ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ പ്രവർത്തിപ്പിക്കാനും സ്വന്തമായി ഭൂമിയില്ലാത്ത കോളനി നിവാസികൾക്ക് ഭൂമി പതിച്ചുനൽകുന്നതിന് സമർപ്പിച്ചിരുന്ന അപേക്ഷയിൻമേൽ നടപടി സ്വീകരിക്കാനും തയ്യാറാകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ബോട്ടിൽ ലാന്റായി ഏറ്റെടുത്ത് സർക്കാർ പുറമ്പോക്കായി മാറ്റിയിട്ടുള്ള മുണ്ടയ്ക്കൽ വില്ലേജിലെ 28 സെന്റ് സ്ഥലം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിന് മൂന്ന് സെന്റ് വീതം അളന്ന് തിരിക്കുന്നതിനുള്ള

നടപടികളെടുത്തുവരുന്നു. പൊതുകാര്യത്തിനായി ആവശ്യപ്പെടുന്ന ഭൂമിയുടെ മൂന്നിരട്ടി ഭൂമി വാസയോഗ്യമായ ഇടങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാങ്ങിത്തരുന്നുവെങ്കിൽ സർക്കാരിന്റെ കൈവശമുള്ള ഭൂമി വിട്ടുകൊടുക്കുന്നതാണ്. കൈവശഭൂമിക്ക് പട്ടയം നൽകണമെന്ന ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുന്നതാണ്.

## (10) ദേവസ്വം ബോർഡുകളിലെ തെരഞ്ഞെടുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിൽ പൂർണ്ണരൂപത്തിൽ തെരഞ്ഞെടുപ്പ് നടക്കാത്തതു മൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടിയുണ്ടാകണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളുടെ കാലാവധി തീരുന്ന മുറയ്ക്ക് ചീഫ് കമ്മീഷണർമാരെ ബോർഡിന്റെ ചുമതല നിർവ്വഹിക്കാൻ നിയോഗിച്ചിട്ടുണ്ട്. ശബരിമല സീസൺ ആരംഭിക്കുന്നതിനുമുമ്പുതന്നെ തിരുവിതാംകൂർ ബോർഡിലേയ്ക്ക് പ്രസിഡന്റും ഒരു മെമ്പറും ചുമതല ഏൽക്കുകയും കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിൽ സഹകരണ വകുപ്പ് സെക്രട്ടറി ചീഫ് കമ്മീഷണറായി തുടരുകയുമാണ്. ഈ ബോർഡുകളിലേയ്ക്ക് ഹിന്ദു എം.എൽ.എ. മാരെ നോമിനേറ്റ് ചെയ്യേണ്ട നടപടി രണ്ടാഴ്ചയ്ക്കകം പൂർത്തീകരിക്കുന്നതാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽ 3 ദേവസ്വം ബോർഡുകളും പൂർണ്ണരൂപത്തിൽ പ്രവർത്തനസജ്ജമാകുന്നതാണ്.

### (11) ഹോമിയോ ഡിസ്പെൻസറി

ശ്രീ. റ്റി. എ. അഹ്മദ് കബീർ: മങ്കട, മക്കരപറമ്പ് പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): മക്കരപറമ്പ് പഞ്ചായത്തിൽ നിലവിൽ എൻ.ആർ.എച്ച്. എം.ന്റെ ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്. മങ്കട ഗ്രാമ പഞ്ചായത്തിൽ പുതിയൊരു ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

### (12) മലയോര വികസന അതോറിറ്റി

ശ്രീ. ഇ. പി. ജയരാജൻ: മലയോര വികസന അതോറിറ്റിയുടെ പ്രവർത്തനമേഖലയിൽ മട്ടന്നൂർ നിയോജകമണ്ഡലത്തെ ഉൾപ്പെടുത്തണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അടുത്ത സാമ്പത്തികവർഷം മുതൽ മലയോര വികസന അതോറിറ്റിയുടെ പ്രവർത്തനപരിധിയിൽ മട്ടന്നൂർ നിയോജകമണ്ഡലത്തേയും സമീപ പ്രദേശങ്ങളേയും ഉൾപ്പെടുത്തുന്നതാണ്.

### (13) പ്രതിമയും സ്മാരകവും സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. സി. വിഷ്ണുനാഥ്: ഗുരുവായൂരിൽ കെ. കേളപ്പന്റെ പ്രതിമയും സ്മാരകവും സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ഗുരുവായൂരിൽ ഉചിതമായ

സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കേളപ്പജിയുടെ സ്മാരകവും പ്രതിമയും സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (1) 2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): 2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം

നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

**ക്രമപ്രശ്നം**

**ബിൽ ഭരണഘടനാ വിരുദ്ധമാണെന്നത് സംബന്ധിച്ച്**

ശ്രീ. എ. കെ. ബാലൻ: 2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ 1986 ജൂലായ് 29-ന് നിയമസഭ പാസ്സാക്കിയ കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് ആക്ടിന് വിരുദ്ധമാണ്. കേരള വാട്ടർ അതോറിറ്റിയെ റിപ്പീൽ ചെയ്തുകൊണ്ടുവേണം ഈ നിയമം കൊണ്ടു വരേണ്ടത്. മാത്രമല്ല, രണ്ട് ആക്ട് പ്രകാരവും അതോറിറ്റിയുടെ അധികാര ങ്ങളും ചുമതലങ്ങളും കർത്തവ്യങ്ങളും തുല്യമാണ്. കുടിവെള്ള സ്വകാര്യ വൽക്കരണവുമായി ബന്ധപ്പെട്ട് 2012 ഡിസംബർ 31-ാം തീയതി പുറപ്പെടുവിച്ച ഗവൺമെന്റ് ഉത്തരവും ഇന്ന് നിയമസഭയിൽ അവതരിപ്പിക്കുന്ന റെഗുലേറ്ററി അതോറിറ്റി ബില്ലും 1986-ലെ ആക്ട് നിലനിൽക്കുമ്പോൾ കൊണ്ടുവരുന്നത് ഭരണഘടനാ വിരുദ്ധമാണ്. ഇക്കാര്യങ്ങൾ പരിശോധിച്ചതിനുശേഷം മാത്രമേ ബില്ലിന് അവതരണാനുമതി നൽകാവൂ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കുപ്പിവെള്ള വിതരണ രംഗത്ത് നടക്കുന്ന കൊള്ള തടയുക, പൊതുജനങ്ങൾക്ക് വിലകുറച്ച് വെള്ളം കുപ്പികളിൽ വിതരണം ചെയ്യുക എന്നീ ഉദ്ദേശങ്ങളോടെയാണ് കമ്പനി രൂപീകരിച്ചിട്ടുള്ളത്. ഇതൊരു സ്റ്റാറ്റ്യൂട്ടറി ബോഡിയല്ല. അതോറിറ്റിയുടെ

ചെയർമാൻ ജലവിഭവ വകുപ്പുമന്ത്രിയും വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥർ ഡയറക്ടർ ബോർഡ് അംഗങ്ങളുമാണ്. വാട്ടർ അതോറിറ്റി വഴി പൊതുജനങ്ങൾക്ക് വെള്ളം വിതരണം ചെയ്യുന്ന ഒരു പരിപാടിയിലും കമ്പനിക്ക് സ്ഥാനമില്ല. വില കുറച്ച് ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുക യെന്നതല്ലാതെ മറ്റ് കുടിവെള്ള പദ്ധതികളുമായി ഇതിന് യാതൊരു ബന്ധവുമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ അതോറിറ്റിയിൽ ഗവൺമെന്റിന് പൂർണ്ണമായ നിയന്ത്രണമുണ്ടാകും.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ബില്ലിലെ ഉദ്ദേശ്യ കാരണങ്ങളുടെ വിവരണത്തിൽ അതാത് സംസ്ഥാനത്തിനകത്തെ ജലവിഭവ ങ്ങളുടെ ഫലപ്രദമായ ഉപയോഗം സുഗമമാക്കുന്നതിനും വാട്ടർ താരിഫ് തീരുമാനിക്കുന്നതിനും റഗുലേറ്ററി കമ്മീഷൻ രൂപീകരിക്കണമെന്ന് 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഓർഡിനൻസ് കൊണ്ടുവന്നിരിക്കുന്നത്. 1986-ലെ ആക്ട് അനുസരിച്ച് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ വില നിശ്ചയിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് ഭരണഘടനാപരമായ അധികാരം നൽകിയിരുന്നത് വാട്ടർ റിസോഴ്സസ് റഗുലേറ്ററി അതോറിറ്റിക്ക് മാറ്റുകയാണ് ചെയ്യുന്നത്. ബിൽ വരുന്നതോടെ 1986-ലെ ആക്ടിലെ വാട്ടർ അതോറിറ്റിയെ സംബന്ധിച്ച വ്യവസ്ഥകൾ റിപ്പീൽ ആകും. അത് ഇല്ലാതായി പോകും.

## റൂളിംഗ്

മി. സ്പീക്കർ: കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബില്ലിലെ വ്യവസ്ഥകൾ മറ്റ് ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക്

ഓവർറൈഡ് ആണെങ്കിലും ഇപ്പോൾ അവതരിപ്പിക്കുന്ന നിയമത്തിലെ വ്യവസ്ഥ നിലനിൽക്കും. മന്ത്രിയുടെ വിശദീകരണത്തിന്റെയും മേൽപ്പറഞ്ഞ വ്യവസ്ഥയുടെയും അടിസ്ഥാനത്തിൽ ശ്രീ. എ.കെ. ബാലൻ ഉന്നയിച്ച തടസ്സവാദം തള്ളുന്നു. മന്ത്രിക്ക് ബിൽ അവതരിപ്പിക്കുവാൻ അനുമതി നൽകുന്നു. "തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലും അല്ലെങ്കിൽ ഈ ആക്ടിൽ അല്ലാതെയുള്ള മറ്റ് ഏതെങ്കിലും നിയമത്താൽ പ്രാബല്യമുള്ള ഏതെങ്കിലും പ്രമാണത്തിലും അസംഗതമായി അതിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്" എന്ന വ്യവസ്ഥകൂടി 2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി നിയമത്തിൽ ഉൾക്കൊള്ളിക്കണം എന്ന ഒരു നിർദ്ദേശം സഭ മുമ്പാകെ വന്നിരുന്നു. ബിൽ സബ്ജക്ട് കമ്മിറ്റി പരിഗണിക്കുന്ന വേളയിൽ ഈ നിർദ്ദേശം കൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പരിശോധിക്കാവുന്നതാണെന്ന് ചെയർ നിർദ്ദേശിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): 2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ ജലവിഭവം സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: വാട്ടർ അതോറിറ്റിയുടെ സർവ്വീസുകളെല്ലാം നിലനിൽക്കും. താരിഫ് നിശ്ചയിക്കുന്നതിനുള്ള അധികാരം

റഗുലേറ്ററി അതോറിറ്റിക്കായിരിക്കും. മറ്റ് കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിച്ച് ചെയ്യുന്നതാണ്.

ശ്രീ. എ. എം. ആരിഫ്: I move that- " This House resolves to disapprove The Kerala State Water Resource Regulatory Authority Ordinance, 2013 (Ordinance No. 21 of 2013)". കേന്ദ്ര ജല നയത്തിന്റെ ഭാഗമായി ജല വിതരണത്തിന് താരിഫ് നിശ്ചയിച്ച് റഗുലേറ്റ് ചെയ്യണം. ഇന്ത്യാ ഗവൺമെന്റിന്റെ നാഷണൽ വാട്ടർ പോളിസി, ജനങ്ങളുടെ ജല ഉപഭോഗത്തിന്റെ അവകാശത്തിന്മേലുള്ള കടന്നു കയറ്റമാണ്. ജല വിതരണം സ്വകാര്യ സ്ഥാപനങ്ങൾക്കും കോർപ്പറേറ്റ് കുത്തകകൾക്കും നൽകുക എന്നതാണ് ഈ ബില്ലിന്റെ അടിസ്ഥാന ലക്ഷ്യം. ജീവൻ നിലനിറുത്താനാവശ്യമായ വെള്ളത്തിന്റേയും വായുവിന്റേയും കാര്യത്തിലെങ്കിലും റെഗുലേഷൻ പാടില്ല എന്ന തീരുമാനമെടുക്കാൻ കഴിയണം. ജലത്തിന്റെ താരിഫ് നിശ്ചയിക്കാനും റെഗുലേറ്റ് ചെയ്യാനും ജലവിഭവം സംരക്ഷിക്കാനുമൊക്കെ വാട്ടർ അതോറിറ്റിക്ക് അധികാരം നൽകുന്ന ഫലപ്രദമായ നിയമം നിലവിലുള്ളപ്പോൾ ഇത്തരത്തിലൊരു പുതിയ നിയമം കൊണ്ടുവരുന്നത് അപലപനീയമാണ്. മൂന്ന് വർഷം കൂടുമ്പോൾ താരിഫ് പുതുക്കി നിശ്ചയിക്കുന്നതിലൂടെ ജനങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പിക്കാനാണ് ശ്രമിക്കുന്നത്. വെള്ളത്തെ വിൽപ്പന ചരക്കാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായാണ് സംസ്ഥാന സർക്കാർ ഈ നിയമം കൊണ്ടുവരുന്നത്. അവശ്യ വസ്തുവായ ജലത്തിന്റെ വിതരണം കുത്തക കമ്പനികളെ ഏൽപ്പിക്കുന്നതിനുവേണ്ടി ഇത്തരത്തിലൊരു അതോറിറ്റി രൂപീകരിക്കുന്നത് ഭരണഘടനാ വിരുദ്ധമാണ്. കേരള സംസ്ഥാന ജല വിഭവ

റെഗുലേറ്ററി അതോറിറ്റി ബിൽ വരുന്നതോടുകൂടി കാർഷിക മേഖല തകർച്ച യിലേയ്ക്ക് പോകും. ഈ അതോറിറ്റി രൂപീകരിച്ച സംസ്ഥാനങ്ങളിൽ ജല സ്രോതസ്സുകളും ജല വിതരണവും കുത്തക കമ്പനികൾ കയ്യടക്കിയ അനുഭ വമാണ് കാണാൻ കഴിയുന്നത്. ഈ വിഷയത്തിന്റെ എല്ലാ വശങ്ങളും ഉത്ത രവാദപ്പെട്ട തലങ്ങളിൽ ചർച്ച ചെയ്ത് നിലവിലുള്ള വാട്ടർ അതോറിറ്റി നിയ മത്തെ ശക്തിപ്പെടുത്താനും ജനോപകാരപ്രദമായ നിലയിലേയ്ക്ക് കൊണ്ടുവ രാനും കഴിയണം. ജലത്തിനുവേണ്ടിയുള്ള അമിത സാമ്പത്തിക ഭാരം ജനങ്ങളിൽ അടിച്ചേൽപ്പിച്ച് ജീവിക്കാനുള്ള അവകാശം നിഷേധിക്കുന്ന, രാജ്യത്തെ എല്ലാ മേഖലകളും കുത്തക കമ്പനികൾക്ക് കൈമാറുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയം സംസ്ഥാനങ്ങളെ അടിച്ചേൽപ്പിക്കുകയാണ് ചെയ്യു ന്നത്. അതുകൊണ്ട് ഈ ബിൽ നിരാകരിക്കണം.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ:</u> നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. സംസ്ഥാനത്തെ വാട്ടർ അതോറിറ്റിയെ തകർക്കുന്ന ബില്ലാണിത്. ജല മാനേജുമെന്റിന്റെ കാര്യത്തിൽ വലിയ വീഴ്ച സംഭവിക്കു കയും സംസ്ഥാനം ഏറ്റവും രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുകയും ചെയ്യുന്ന സന്ദർഭമാണിത്. ശുദ്ധജല ലഭ്യതയിലുണ്ടാകുന്ന പ്രതിസന്ധിയെ കച്ചവടവൽക്കരിച്ചുകൊണ്ട് വൻലാഭം ഉണ്ടാക്കാനുള്ള ഗൂഢമായ നീക്ക ത്തിന്റെ ഭാഗമായാണ് കേന്ദ്ര ആസൂത്രണ കമ്മീഷൻ അന്താരാഷ്ട്ര ഫണ്ടിംഗ് ലോബിക്കുവേണ്ടി കൊണ്ടുവന്ന നയത്തിനനുസരണമായി ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ജലവിതരണത്തിന് പോസിറ്റീവായ ഇടപെ ടലുണ്ടാകണം. ഈ ബിൽ പ്രകാരം ജലത്തിന്റെ വില നിശ്ചയിക്കുന്നതിനും ജലത്തിന്റെ ആവശ്യകത സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുമുള്ള അധി കാരം ജലവിഭവ റെഗുലേറ്ററി അതോറിറ്റിക്ക് കൈമാറിയിരിക്കുകയാണ്.

2015–ഓടുകൂടി പബ്ലിക് ടാപ്പുകൾ പ്രൈവറ്റ് ടാപ്പുകളാക്കി മാറ്റുമെന്നും ജല ശുദ്ധീകരണത്തിന് വേണ്ടിവരുന്ന ചെലവ് ഗുണഭോക്താവ് വഹിക്കണമെന്നു മുള്ള തീരുമാനം സാധാരണക്കാരെ ദുരിതത്തിലാക്കും. ഗുണഭോക്താക്കൾ മുൻകൂർ പണം അടയ്ക്കാതെ പദ്ധതി ആരംഭിക്കാൻ പാടില്ലെന്ന് സർക്കാർ ഉത്തരവ് നൽകിയിരിക്കുകയാണ്. മലിനപ്പെട്ടുകൊണ്ടിരിക്കുന്ന നദികളുടെ സംരക്ഷണത്തിനായി യാതൊരു നടപടിയും സ്വീകരിക്കാതെ എല്ലാം സ്വകാര്യ കമ്പനികളെ ഏൽപ്പിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. സംസ്ഥാ നത്തെ ഗുരുതരമായി ബാധിക്കുന്ന ഈ പ്രശ്നത്തിൽ യോജിച്ച തീരുമാനമെ ടുക്കാൻ കഴിയണം. കുപ്പിവെള്ള വിതരണം സ്വകാര്യ കമ്പനികളെ ഏൽപ്പിച്ചു കൊടുക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഈ ബിൽ പാസ്സാകുന്നതോടെ ഈ മേഖലകളിൽ വൻകിട കമ്പനികൾ യഥേഷ്ടം കടന്നുവരികയും കാർഷികമേഖലയുടെ തകർച്ചയ്ക്ക് കാരണമാകുകയും ചെയ്യും.

<u>ശ്രീ. മാത്യു റ്റി. തോമസിനുവേണ്ടി ശ്രീ. ജോസ് തെറ്റയിൽ</u>: 2013–ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ പൊതുജനാഭി പ്രായം ആരായുന്നതിനായി 30–6–2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ദേശീയ ജലനയത്തിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാവിരുദ്ധമായിട്ടുള്ള ചില നിർദ്ദേശങ്ങളാണ് ഈ ബില്ലിലൂടെ അടിച്ചേൽപ്പിച്ചിരിക്കുന്നത്. ഈ ബിൽ കേരളത്തിൽ അവതരിപ്പിക്കേണ്ട കാര്യമില്ല. ഇതിലൂടെ ഒരു സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ കേന്ദ്രം കൈകടത്തുന്ന അവസ്ഥയാണ് സംജാതമായിരിക്കുന്നത്. സംസ്ഥാന ത്തിന്റെ അധികാരത്തിൽ കൈകടത്തുന്ന കേന്ദ്ര ഗവൺമെന്റ് നയങ്ങളെ

എതിർക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. പ്രോജക്റ്റ് കമ്മിറ്റി, ഡിസ്ട്രിബ്യൂട്ടർ കമ്മിറ്റി, വാട്ടർ യൂസേഴ്സ് അസോസിയേഷൻ തുടങ്ങി വിവിധ തലങ്ങളിലെ കർഷക സംഘടനകൾക്കുള്ള ജലത്തിന്റെ ആവശ്യകത തീരുമാനിക്കുക എന്ന ബില്ലിലെ വ്യവസ്ഥയും ജലത്തിന്റെ ഉപഭോഗത്തിന്മേൽ നിയന്ത്രണമേർപ്പെടുത്തുന്നത് അതോറിറ്റിയാണ് എന്ന വ്യവസ്ഥയും അനുചിതമാണ്. പദ്ധതി മാനേജ്മെന്റ്, ഭരണനിർവ്വഹണം എന്നിവയ്ക്കുള്ള ചെലവ് വ്യക്തമായി കണക്കാക്കിയിട്ടില്ല. സമ്പൂർണ്ണ ജലസേചന തത്വത്തെക്കുറിച്ച് ബില്ലിൽ നിർവ്വചിച്ചിട്ടില്ല. ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ജൈവ-ഭൗതിക ജലവിഭവങ്ങളെ ആശ്രയിച്ചാണിരിക്കുന്നത് വെള്ളം ഒരു യുദ്ധത്തിന്റെ ചാലകമാകാതിരിക്കാൻ സാധ്യമാകുന്ന കാര്യങ്ങൾ ചെയ്യണം. മുല്ലപ്പെരിയാർ, പറമ്പിക്കുളം-ആളിയാർ, കാവേരി തുടങ്ങിയ നദീജലപ്രശ്നങ്ങൾ അനിശ്ചിതത്വത്തിലാണ്. ജലസഹകരണമാണ് നമുക്ക് അനിവാര്യമായിട്ടുള്ളത്. ഈ ബിൽ പിൻവലിക്കണം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): ഭരണപക്ഷത്തെ എം.എൽ.എ.മാർ പോലും ഈ ബില്ലിനെ അനുകൂലിക്കാത്ത സാഹചര്യത്തിൽ ഈ ബിൽ പിൻവലിക്കുകയാണ് വേണ്ടത്. അതിന് തയ്യാറാകാത്ത നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. വി. ഡി. സതീശൻ</u>: 2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വെള്ളം ഇന്ന്

കിട്ടാക്കനിയായി മാറിയിരിക്കുകയാണ്. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം മഴവെള്ളം ശേഖരിച്ചുവയ്ക്കാനോ ഭൂഗർഭ ജലല ഭ്യത ഉറപ്പുവരുത്താനോ കഴിയുന്നില്ല. പൊതു ടാപ്പുകൾവഴി ധാരാളം ജലം നഷ്ടപ്പെടുന്നതിനാൽ അത്തരം ടാപ്പുകൾ കുറച്ചുകൊണ്ടുവരികയും വീടുക ളിലേയ്ക്ക് വെള്ളം എത്തിക്കുവാനുള്ള സൗകര്യം കൂട്ടുകയും ചെയ്യണം. ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടണം. സംസ്ഥാനത്ത് കുടിവെള്ളം, ജലസേചനം എന്നിവയ്ക്കുവേണ്ട ജലലഭ്യത കണക്കാക്കപ്പെടണം. പദ്ധതി ച്ചെലവ് കണക്കാക്കി കുടിവെള്ള വില നിശ്ചയിക്കുന്നത് താരിഫ് വർദ്ധിക്കുവാനിടയാക്കും. റഗുലേറ്ററി അതോറിറ്റിയുണ്ടാക്കി വെള്ളത്തിന് താരിഫ് ഈടാക്കുന്നതിലെ അപകടം പരിശോധിക്കണം. താരിഫ് നിശ്ചയി ക്കാനുള്ള അധികാരം വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള പ്രൊവിഷൻ ഈ നിയമത്തിൽ ഉൾപ്പെടുത്തുകയും ഗവൺമെന്റിന്റെ ശുപാർശകൾ മാത്രമേ റഗുലേറ്ററി അതോറിറ്റി നടപ്പാക്കാവൂ എന്ന നിബന്ധന കൊണ്ടുവരികയും ചെയ്യണം. വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിൽ നിന്നും റിട്ടയർ ചെയ്തവരെ ഉൾപ്പെടുത്തി അതോറിറ്റി രൂപീകരിക്കാനുള്ള തീരുമാനം അപ്രായോഗികമാണ്. 31–12–12–ൽ ഇറക്കിയ സർക്കാർ ഉത്തര വിലൂടെ സംസ്ഥാനത്തെ കുടിവെള്ള വിതരണ പദ്ധതികൾ ഏറ്റെടുത്ത് നട ത്തുന്നതിനുള്ള അധികാരം കമ്പനിക്ക് നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രകൃതി വിഭവമായ ജലം വിൽക്കാൻ സർക്കാരിന് അധികാരമുണ്ടോയെന്ന് പരിശോധിക്കണം. മികച്ച വാട്ടർ മാനേജുമെന്റ് പ്ലാൻ ഇല്ലാതെ ഇത്തരം നടപ ടികളിലേയ്ക്ക് പോകാൻ പാടില്ല. 1986–ലെ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടു

ള്ള താരിഫ് നിശ്ചയിക്കാനുള്ള അധികാരം സംബന്ധിച്ച പ്രൊവിഷൻ റിപ്പീൽ ചെയ്ത് നിയമനിർമ്മാണം കുറ്റമറ്റതാക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ: ഒരു നിയന്ത്രണവുമില്ലാതെ ജലസമ്പത്ത് ചൂഷണം ചെയ്യപ്പെടുന്നതിനെ തടയാൻ ഈ അതോറിറ്റിക്ക് കഴിയും. 13-ാം ധനകാര്യ കമ്മീഷന്റെ ശുപർശയനുസരിച്ച് ഒരു നാഷണൽ വാട്ടർ പോളിസി യുടെ ഭാഗമായാണ് അതോറിറ്റി നിലവിൽ വരുന്നത്. ഇതിൽ ഗവൺമെന്റിന്റെ സമ്പൂർണ്ണമായ മേധാവിത്വം ഉറപ്പാക്കിയിട്ടുണ്ട്. ശുദ്ധജല തടാകങ്ങളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കണം. ജലത്തിന്റെ അമിത ഉപഭോഗം നിയന്ത്രിക്കുന്നതിന് ജലവിഭവ റഗുലേറ്ററി അതോറിറ്റി രൂപീകരിച്ചി രിക്കുന്നതിനെ പ്രതിപക്ഷം എതിർക്കുന്നത് ശരിയല്ല.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സബ്ജക്ട് കമ്മിറ്റിയിൽ പരിഗണിക്കുന്നതാണ്. ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാന ത്തിലാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. പദ്ധതിച്ചെലവിന്റെ അടിസ്ഥാ നത്തിൽ താരിഫ് നിശ്ചയിച്ച് ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്ന സമീപനം സ്വീകരിക്കുന്നതല്ല. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2013–ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ ജലവിഭവം സംബന്ധിച്ച III–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ ഹാജരായി)

(2) <u>2013–ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ.</u>

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): 2013–ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

**ക്രമപ്രശ്നം**

<u>പുതിയ ബിൽ ആയി അവതരിപ്പിക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> നിയമസഭാ നടപടി ചട്ടമനുസരിച്ച് ഓർഡിനൻസിന് പകരം ഭേദഗതിയോടുകൂടിയതോ അല്ലാത്തതോ ആയ ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുമ്പോഴെല്ലാം ഓർഡിനൻസ് മുഖേന സത്വര നിയമനിർമ്മാണം നടത്തേണ്ടതിന് ആവശ്യമായിത്തീർന്ന സാഹ ചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള പ്രസ്താവന ബില്ലിനോടൊപ്പം വയ്ക്കണമെന്നുണ്ട്. സിനിമാ ടാക്കീസുകളിൽ ഏർപ്പെടുത്തിയിട്ടുള്ള

വിനോദനികുതി സംബന്ധിച്ചാണ് ഓർഡിനൻസ് കൊണ്ടുവന്നിരിക്കുന്നത്. ഹൈക്കോടതി ഈ വിഷയത്തിൽ വാദം കേൾക്കാനായി മാറ്റിവച്ച സാഹചര്യത്തിൽ ഓർഡിനൻസിന് പകരമുള്ള ഒരു ബിൽ നിയമസഭയിൽ കൊണ്ടുവരാൻ പാടില്ല. അതുകൊണ്ട് ഓർഡിനൻസിന് പകരമുള്ള ബിൽ എന്നത് മാറ്റി ഒരു പുതിയ ബിൽ ആയി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട വകുപ്പിന്റെ ഓപ്പറേഷൻ മാത്രമാണ് താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുള്ളത്. ഓർഡിനൻസിലെ വ്യവസ്ഥകൾ സ്റ്റേ ചെയ്തിട്ടില്ലാത്തതിനാൽ ബിൽ അവതരിപ്പിക്കുന്നതിനോ പരിഗണനയ്ക്കെടുക്കുന്നതിനോ നിയമ തടസ്സമില്ല.

മി. സ്പീക്കർ: മന്ത്രിയുടെ വിശദീകരണത്തിന്റെയും മുൻ റൂളിംഗുകളുടെയും അടിസ്ഥാനത്തിൽ ഈ ബിൽ അവതരിപ്പിക്കുന്നതിന് നിയമ തടസ്സമുള്ളതായി കാണുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിൻകീഴിൽ രൂപീകരിച്ച ക്ഷേമനിധിയിലേയ്ക്ക്

25 രൂപയിൽ കവിയുന്ന  ഓരോ സിനിമാ ടിക്കറ്റിന്മേലും സെസ്സ് ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. വിനോദനികുതി വെട്ടിപ്പിനെക്കുറിച്ചുള്ള പരാതികൾ സർക്കാർ പരിശോധിക്കുകയും കമ്പ്യൂട്ടറൈസ്ഡ് ടിക്കറ്റിംഗ് ഏർപ്പെടുത്തുകയാണെങ്കിൽ പരാതിയില്ലാത്ത വിധത്തിൽ ടാക്സ് കളക്ട് ചെയ്യാൻ സാധിക്കുകയും ചെയ്യും. ചില തിയറ്ററുകൾ വിനോദനികുതി നിശ്ചിത സമയത്ത് അടയ്ക്കുന്നില്ലെന്നും മനസ്സിലാക്കുകയുണ്ടായി. ഈ നിയമം വരുന്നതോടുകൂടി ഇക്കാര്യങ്ങൾക്കെല്ലാം പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. മുല്ലക്കര രത്നാകരൻ: I move that –"This House resolves to disapprove The Kerala Local Authorities Entertainments Tax (Amendment) Ordinance, 2013 (Ordinance No. 22 of 2013)." സാംസ്കാരിക മേഖലയിൽ പ്രവർത്തിച്ച് ജീവിതത്തിന്റെ അവസാന നാളുകളിൽ ബുദ്ധിമുട്ടുന്ന കലാകാരൻമാരെ സഹായിക്കാൻ ഈ ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണോയെന്ന് ഗവൺമെന്റ് പരിശോധിക്കണം. സെസ്സ് ഏർപ്പെടുത്തുന്നതിലൂടെ സിനിമാ മേഖലയിലെ പ്രതിസന്ധി രൂക്ഷമാകും. സെസ്സ് ഏർപ്പെടുത്തുന്നതിലൂടെ അവശകലാകാരന്മാരെ സംരക്ഷിക്കാൻ കഴിയില്ലെന്നുമാത്രമല്ല ജനങ്ങൾക്ക് സിനിമയോടുള്ള ആകർഷണം കുറയുകയും ചെയ്യും. സ്വന്തമായി സമ്പാദ്യമില്ലാത്ത കുടുംബഭദ്രത നഷ്ടപ്പെട്ട തനത് കലാകാരന്മാർക്ക് സഹായം നൽകാനുള്ള നടപടിയാണുണ്ടാകേണ്ടത്. ഗ്രാമങ്ങളിലേയും നഗരങ്ങളിലേയും തിയറ്ററുകളിലേയ്ക്ക് ആളുകളെ ആകർഷിക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കണം.

സിനിമാ ആസ്വാദകന്റെ മേൽ സെസ്സ് എന്ന അധിക ഭാരം അടിച്ചേൽപ്പിക്കരുത്. സിനിമയെ ആകർഷണീയമാക്കാനുള്ള പരീക്ഷണങ്ങൾ നടത്താൻ തയ്യാറാകണം. ഗ്രാമീണ ജീവിതവുമായി ബന്ധമുള്ള സിനിമകൾ ഉണ്ടാകേണ്ടതുണ്ട്. തനത്-ക്ലാസ്സിക് കലാകാരന്മാരെ സംരക്ഷിക്കുന്നതിനുള്ള ബാധ്യത സർക്കാർ ഏറ്റെടുക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): വർദ്ധിച്ച ടിക്കറ്റ് ചാർജ്ജിന്മേൽ ഒരു സെസ്സ് കൂടി കൊണ്ടുവരുന്നത് പ്രായോഗികമല്ല. സമൂഹത്തോട് ബാധ്യത ഇല്ലാത്ത കലാകാരന്മാരെ വേർതിരിച്ചു കാണുന്നതോടൊപ്പം കലയ്ക്കുവേണ്ടി ജീവിതം മാറ്റിവച്ച സാധാരണക്കാരായ കലാകാരന്മാരെ സംരക്ഷിക്കുവാൻ സെസ്സ് ഒഴിവാക്കി മറ്റെന്തെങ്കിലും ഫണ്ട് കണ്ടെത്തണം. കാരുണ്യ ലോട്ടറി പോലെയുള്ള പദ്ധതിയിലൂടെ ഫണ്ട് സ്വരൂപിച്ച് അവശ കലാകാരന്മാരെ സംരക്ഷിക്കണം.

ശ്രീ. ജോസഫ് വാഴക്കൻ: 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-04-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലേയ്ക്ക് കാര്യമായ ഫണ്ട് സ്വരൂപിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. നാടൻ കലകളിൽ നൈപുണ്യം നേടിയ തുച്ഛവരുമാനക്കാരായ കലാകാരന്മാരെക്കൂടി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. വിവിധ നിരക്കിലുള്ള ടിക്കറ്റുകൾ സ്ലാബുകളാക്കി തിരിച്ച് സെസ്സ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. ഇലക്ട്രോണിക് ടിക്കറ്റ് സംവിധാനത്തിന് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതിലൂടെ ടാക്സ് ഇവേഷൻ ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കും. വാട്ടർ

തീം പാർക്കുകൾ, അമ്യൂസ്മെന്റ് പാർക്കുകൾ, ടിക്കറ്റ് വച്ച് നടത്തുന്ന പരിപാടികൾ എന്നിവയിൽ നിന്നുകൂടി ക്ഷേമനിധിയിലേയ്ക്ക് ഫണ്ട് സ്വരൂപിക്കണം.

ശ്രീ. എ. പ്രദീപ് കുമാർ: 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദ നികുതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലേയ്ക്ക് വിഭവ സമാഹരണത്തിനുള്ള മാർഗ്ഗം തേടുന്നതിനായാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. നല്ല സൗകര്യങ്ങളോടുകൂടിയ തിയറ്ററുകൾ ഒരുക്കി ക്കൊടുത്ത് സിനിമാ വ്യവസായത്തെ പ്രോത്സാഹിപ്പിക്കണം. സിനിമാ വ്യവ സായത്തിൽനിന്ന് വൻതോതിൽ സാമ്പത്തിക ലാഭമുണ്ടാക്കുന്നവരിൽനിന്നോ സ്പോൺസേർഡ് പ്രോഗ്രാമുകളിൽനിന്നോ സെസ്സ് സമാഹരിക്കണം. ക്ഷേമ നിധി ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച് വ്യക്തത യുണ്ടാകണം. 55 വയസ്സ് കഴിഞ്ഞവരുടെ അംഗത്വത്തിന് വൺടൈം പേമെന്റ് എന്ന വ്യവസ്ഥയിൽ ഇളവ് വരുത്തണം. മറ്റ് സംസ്ഥാനങ്ങൾ അന്യഭാഷാ ചിത്രങ്ങൾക്ക് നികുതി വർദ്ധിപ്പിച്ച് തങ്ങളുടെ ഭാഷാ ചിത്രങ്ങളെ സംരക്ഷി ക്കാൻ സ്വീകരിക്കുന്ന നിലപാട് കേരള സംസ്ഥാനത്തും സ്വീകരിക്കാൻ കഴിയുമോയെന്ന കാര്യം ആലോചിക്കേണ്ടതാണ്.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): കലാകാരന്മാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് പണം സമാഹരിക്കാൻ കൊണ്ടുവന്ന ഈ ബില്ലിൽ സിനിമാ ടിക്കറ്റിൽനിന്നും രണ്ട് രൂപയും കേബിൾ ടി.വി.യിൽനിന്ന് ഒരു

രൂപയും കളക്ട് ചെയ്യണമെന്ന നിർദ്ദേശം വന്നിരുന്നുവെങ്കിലും രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന കേബിൾ ടി.വി.ക്കാരിൽനിന്നും ഈ തുക ഈടാക്കാനാകുമായിരുന്നില്ല. അതിനാൽ സിനിമാ ടിക്കറ്റിൽനിന്നും മൂന്നു രൂപ ഈടാക്കാനുള്ള ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവരുന്നത്. ക്ഷേമനിധിയുടെ അംഗത്വ കാർഡ് വിതരണം നടത്തിയിട്ടുള്ള അയ്യായിരം പേരിൽ ആയിരം പേർക്ക് വൺടൈം പേമെന്റിലൂടെ അടച്ച തുകയിൽനിന്ന് പ്രതിമാസം ആയിരം രൂപവീതം പെൻഷനായി അവരുടെ ബാങ്ക് അക്കൗണ്ടി ലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ വഴി ക്ഷേമനിധിയിൽ സൗജന്യമായി അംഗത്വമെടുക്കുന്നതിനും ഏത് വിഭാഗത്തി ലേയ്ക്കാണ് അംഗത്വം വേണ്ടതെന്ന് തീരുമാനിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അംഗത്വമെടുക്കുന്നതിന് ഏജൻസികൾ പണം ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്. പൈറസി തടയാൻ കഴിഞ്ഞതിലൂടെ സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തിയേറ്ററുകളുടെ നവീകരണത്തോടെ നികുതിയിനത്തിൽ വൻവർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. കെട്ടിടനിർമ്മാണ ചട്ടത്തിൽ ഭേദഗതി കൊണ്ടുവന്നതോടുകൂടി സംസ്ഥാനത്ത് തിയേറ്ററുകളുടെ എണ്ണം വർദ്ധിക്കും. തിയേറ്ററുകളിൽ കമ്പ്യൂട്ടറൈസ്ഡ് ടിക്കറ്റിംഗ് മെഷീൻ വരുന്നതോടുകൂടി ടാക്സ് വെട്ടിപ്പ് അവസാനിക്കുകയും നികുതി വരുമാനം നാലിരട്ടിയായി വർദ്ധിക്കുകയും ചെയ്യും. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ബഹുമാനപ്പെട്ട മെമ്പർമാർ മുന്നോട്ടുവച്ച സ്വാഗതാർഹങ്ങളായ നിർദ്ദേശങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത്

പരമാവധി ഉൾപ്പെടുത്താൻ ശ്രമിക്കുമെന്ന് അറിയിക്കുന്നു. പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2013–ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ തദ്ദേശസ്വയം ഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

### (3) 2013–ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 2013–ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: 2013–ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ തദ്ദേശസ്വയം ഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): തെരഞ്ഞെടുപ്പിന് മുമ്പ് നഗരസഭകളെ വാർഡുകളായി വിഭജിക്കുന്നതിനും അതിർത്തി നിർണ്ണയിക്കുന്നതിനും നിയോഗിക്കുന്ന ഡീലിമിറ്റേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട മുനിസിപ്പാലിറ്റി ഓഫീസുകളിൽ പ്രദർശിപ്പിക്കുന്നതിനും ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും നിയമപ്രാബല്യം നൽകാനാണ് ഈ ബില്ലിലെ 69–ാം നമ്പർ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. 86–ാം വകുപ്പിന്റെ ഭേദഗതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും മത്സരിക്കുന്നതിനുള്ള അയോഗ്യത സംബന്ധിച്ച കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അംഗൻവാടി/ബാലവാടി ജീവനക്കാർ ഒഴികെയുള്ള പാർട്ട്ടൈം ജീവനക്കാരും ഓണറേറിയം കൈപ്പറ്റുന്നവരും ജീവനക്കാരായി കരുതപ്പെടേണ്ടതിനാൽ അവർക്ക് മത്സരിക്കാൻ അയോഗ്യത കൽപ്പിക്കുന്നതിന് ഈ വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. 407–ാം വകുപ്പിൽ സംസ്ഥാനത്ത് അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരിക്കാനുള്ള സർക്കാരിന്റെ അധികാരം സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്. ഇതേക്കുറിച്ച് 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 407–ാം വകുപ്പിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ 1999 ഒക്ടോബർ 15–നോ അതിന് മുമ്പോ ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ അനധികൃതമായി ഏതെങ്കിലും ഭൂ വികസനമോ കെട്ടിട നിർമ്മാണമോ നടത്തിയിട്ടുണ്ടെങ്കിൽ സർക്കാരിന് ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ അഭിപ്രായം ആരാഞ്ഞശേഷം നിർണ്ണയിക്കപ്പെട്ട

പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് ക്രമവൽക്കരിക്കാവുന്നതാണ്.

ശ്രീ. സാജു പോൾ: 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-4-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബിൽ എത്രമാത്രം പ്രായോഗികമാകുമെന്നുള്ളത് പരിശോധിക്കണം. നഗരങ്ങളുടെ വികസനത്തിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കണം. നഗരങ്ങളിലെ അനധികൃത കെട്ടിടങ്ങൾ പൊളിച്ചുമാറ്റണം. സർക്കാരിന് കൂടുതൽ വരുമാനം നേടാനുമുള്ള പരിശ്രമങ്ങൾ നടത്തണം. മാലിന്യസംസ്ക്കരണത്തിന് നഗരസഭകളെ സഹായിക്കുന്ന തരത്തിലുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ ബില്ലിനെ കുറ്റ മറ്റതാക്കി കേരളത്തിന്റെ നഗരഭരണത്തിൽ കാതലായ മാറ്റങ്ങൾ വരുത്തണം. വാർഡ് സഭകളെ പുഷ്ടിപ്പെടുത്തണം. കേരളത്തിന്റെ പ്രതിരൂപങ്ങളായി ഓരോ നഗരത്തെയും പുതുക്കി പണിയുവാനുള്ള മനസ്സോടുകൂടി ഈ നിയ മത്തെ സമ്പുഷ്ടമാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. മുരളീധരൻ: 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അശാസ്ത്രീയമായ രീതിയിൽ വാർഡ് വിഭജനം നടത്തുന്നതുമൂലമുണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾക്ക് നിലവിലുള്ള വാർഡുകളും സംവരണവും പത്തുവർഷമെങ്കിലും തുടർച്ചയായി ഉണ്ടാകാനുള്ള സാഹചര്യമുണ്ടാകണം. അനധികൃതമായി

നിർമ്മിക്കുന്ന കെട്ടിടങ്ങൾ പിന്നീട് ക്രമവൽക്കരിക്കുന്ന പ്രവണത ഒഴിവാക്കാനും കുറ്റം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാനും തയ്യാറാകണം. ട്രാഫിക് അപകടങ്ങൾക്ക് ഇടയാക്കുന്ന മൾട്ടിനാഷണൽ കമ്പനികളുടെ പരസ്യ ബോർഡുകൾ നീക്കം ചെയ്യണം. നഗരസഭയുമായി ചേർന്ന് നഗരത്തിലെ മാലിന്യസംസ്ക്കരണം നടത്താനും പകർച്ചവ്യാധികൾ തടയാനും നായ്ക്കളുടെ ശല്യത്തിന് പരിഹാരം കാണാനും നടപടി സ്വീകരിക്കണം. അയോഗ്യത കൽപ്പിക്കുന്ന പാർട്ട്ടൈം ജീവനക്കാരുടേയും ഓണറേറിയം വാങ്ങുന്നവരുടേയും പട്ടികയിൽ എയ്ഡഡ് സ്ഥാപനങ്ങളിലെ അധ്യാപകരെക്കൂടി ഉൾപ്പെടുത്തണം.

ശ്രീ. കെ. രാജു: ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പുതിയ വാർഡുകൾ രൂപീകരിക്കുമ്പോൾ കൃത്യമായ അതിരുകൾ തിരിക്കണം. വാർഡ് വിഭജനവും പുന:സംഘടനയുമായി ബന്ധപ്പെട്ട് നിഷ്പക്ഷമായി പ്രവർത്തിക്കുന്ന രീതിയിൽ ഡീലിമിറ്റേഷൻ കമ്മീഷൻ പ്രവർത്തനം നടത്തുന്നതിനാവശ്യമായ നിയമ ഭേദഗതികൂടി കൊണ്ടുവരണം. സംവരണ സീറ്റിൽ ജയിച്ചുവരുന്നവർക്ക് തുടർച്ചയായി പത്ത് വർഷമെങ്കിലും ഒരേ വാർഡ് ലഭിക്കുകയാണെങ്കിൽ കൂടുതൽ ഫലപ്രദമായി വികസന പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയും. ബാലവാടി, അംഗനവാടി അദ്ധ്യാപ കരേയും വർക്കർമാരേയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ജീവന ക്കാരായി മാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. സ്കൂൾ അദ്ധ്യാ പകർക്ക് മത്സരരംഗത്ത് തുടരുന്നതിനുള്ള അനുവാദം നൽകണം. സാമ്പ ത്തിക വർഷാരംഭത്തിൽത്തന്നെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതി നുള്ള നടപടികൾ സ്വീകരിക്കുകയും അതിനാവശ്യമായ ജീവനക്കാരെ നൽകുകയും വേണം. സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ജില്ലാ-ബ്ളോ

ക്ക്-ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റികളുടെ സംയുക്ത സംരംഭമായി മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ ആരംഭിക്കണം. നിയമങ്ങൾക്കും ചട്ട ങ്ങൾക്കും വിരുദ്ധമായ നിർമ്മാണ പ്രവർത്തനങ്ങൾ പിഴ ഈടാക്കിക്കൊണ്ട് ക്രമവൽക്കരിച്ചുകൊടുക്കുന്ന നടപടി ശരിയല്ല.

ശ്രീ. കെ. എം. ഷാജി: ചെറിയ വീടുകളുടെ എക്സ്റ്റൻഷനുകൾ അനുവദിക്കുകയും അനുമതിയില്ലാതെ വലിയ കെട്ടിടങ്ങൾ ഉണ്ടാക്കിയ ശേഷം ക്രമവൽക്കരിക്കുന്നവർക്ക് അധിക നികുതി ചുമത്തുകയും ചെയ്യണം. വാർഡുകളെ ഡീ ലിമിറ്റ് ചെയ്യാനുള്ള പരിധി പത്ത് വർഷമാക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): വാർഡ് വിഭജനം, സംവരണ വാർഡുകൾ പ്രഖ്യാപിക്കൽ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുന്നതാണ്. ചെറിയ വീടുകളിലെ എക്സ്റ്റൻഷനുകൾ റഗുലറൈസ് ചെയ്തുകൊടുക്കുകയും കോടിക്കണക്കിന് രൂപ മുതൽമുടക്കുള്ള കെട്ടിടങ്ങളിൽനിന്നും കെട്ടിട ഉടമയ്ക്ക് ലഭിക്കുന്ന വരുമാനത്തിന്റെ വിഹിതം ഗവൺമെന്റിലേയ്ക്ക് മുതൽകൂട്ടുകയും ചെയ്യുന്നതാണ്. പഴയ രീതിയിലുള്ള പരസ്യ ബോർഡുകൾ നീക്കം ചെയ്ത് പകരം 1500 മോഡേൺ പരസ്യ ബോർഡുകൾ നിർമ്മിക്കുന്നതിനും ആറ് മീറ്റർ വീതിയില്ലാത്ത റോഡുകളുടെ വീതികൂട്ടുന്നതിനും മെക്കനൈസ്ഡ് പാർക്കിംഗിനും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എറണാകുളത്ത് ഡാൻസിംഗ് ഫൗണ്ടൻ, ഡോൾഫിൻ അക്വേറിയം എന്നിവയ്ക്കുവേണ്ട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വഴിയോര കച്ചവടക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന

തിനും മാലിന്യ പ്ലാന്റുകൾ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ശരിയായി പ്രവർത്തിപ്പിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു,

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

സഭ വൈകുന്നേരം 6.14-ന് പിരിഞ്ഞു.

-----